സാഹിത്യവാരഫലം

1990/10/07 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2022, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1990/10/07-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

കുട്ടിക്കാലത്തു കെട്ടുകഥകൾ ഒരുപാടു വായിച്ചിരുന്നു ഞാൻ. അവയിലൊരു കഥയിൽ “സെവൻ ലീഗ് ബൂട്സ്” ധരിച്ച ഒരു മുണ്ടന്റെ കഥയുണ്ട്. ലീഗ് എന്നു പറഞ്ഞാൽ ഏതാണ്ടു മൂന്നു നാഴികയാണ്. ഹ്രസ്വകായൻ ഒരു കാലെടുത്തു മുന്നോട്ടുവച്ചാൽ ഇരുപത്തൊന്നുനാഴിക താണ്ടിയിരിക്കും. കാരാഗൃഹത്തിലാക്കിയ ഒരു രാജകുമാരിയെ സൂക്ഷിക്കുക എന്നതായിരുന്നു അയാളുടെ ജോലി. ഒരു ദിവസം മുണ്ടൻ അല്പമൊന്ന് ഉറങ്ങിപ്പോയി. ആ തക്കം നോക്കി രാജകുമാരി തടവറയിൽ നിന്നു രക്ഷപ്പെട്ടു. മുണ്ടൻ ഉണർന്നു നോക്കിയപ്പോൾ അവളെ കാണാനില്ല. ചാടിയെഴുന്നേറ്റ് അയാൾ നടന്നു. പക്ഷേ, ആദ്യത്തെ കാൽവയ്പുകൊണ്ടുതന്നെ ഇരുപത്തൊന്നു നാഴിക കടന്നുപോയതുകൊണ്ട് ആ ദൂരത്തിനിടയ്ക്ക് എവിടെയോ ആയിരുന്ന രാജകുമാരിയെ കാണാൻ സാധിച്ചില്ല അയാൾക്ക്. മുണ്ടൻ നടന്നുകൊണ്ടേയിരുന്നു.

ഞാൻ താമസിക്കുന്നിടത്തു നിന്ന് ബസ്സ്റ്റാൻഡിലേക്കു പോകണമെങ്കിൽ എനിക്കു നടക്കാം, ഓടാം, പൊയ്ക്കാലിൽ കയറിപ്പോകാം. പന്ത്രണ്ടടിപ്പൊക്കത്തിൽ പൊയ്ക്കാലിലുള്ള നടത്തം കണ്ട് പ്രേക്ഷകർ ചിരിച്ചെന്നു വരും. ഫാന്റസിയും അലിഗറിയും പൊയ്ക്കാലിലെ നടത്തമാണ്. എഴുത്തുകാർ നടന്നാൽ മതി. അതാണു സ്വാഭാവികം.

ഞാനൊരു സെവൻ ലീഗ് ബൂട്ട്സ്കാരനാണെന്നും അതുകൊണ്ട് എന്നിൽനിന്നു രക്ഷപ്പെട്ട മലയാള സാഹിത്യമാകുന്ന രാജകുമാരിയെ ഞാൻ കാണുന്നില്ലെന്നും എറണാകുളത്തുനിന്നു ഒരു വായനക്കാരി എഴുതി അയച്ചിരിക്കുന്നു. ‘ഞങ്ങളുടെ പ്രിയപ്പെട്ട കഥാകാരനായ എം. ടി. വാസുദേവൻനായരെ അംഗീകരിക്കാത്ത നിങ്ങൾ സഹൃദയനാണോ’ എന്നുവരെ ആ വായനക്കാരി ദേഷ്യത്തോടെ ചോദിക്കുന്നു. അവരോടു ഇനി വരുന്ന ഖണ്ഡിക വായിക്കാൻ ഞാൻ അപേക്ഷിക്കുന്നു.

എം. ടി. വാസുദേവൻ നായർ

എം. ടി. വാസുദേവൻ നായർ

തന്റെ യവ്വനകാലത്ത് അയാൾ ആ യുവതിയെ കണ്ടപ്പോൾ അവളുടെ കണ്ണുകൾ നക്ഷത്രങ്ങളാണെന്ന് അയാൾക്കു തോന്നിയിരിക്കും. അവളുടെ ചിരിയെക്കാൾ മനോഹരമായി ഈ ലോകത്തു വേറെ എന്തെങ്കിലുമുണ്ടോ എന്ന് അയാൾ തന്നോടുതന്നെ ചോദിച്ചിരിക്കും. മാറത്തു പുസ്തകക്കെട്ടു ചേർത്തുപിടിച്ച്, അവൾ വന്നപ്പോൾ അയാളുടെ മാറിടത്തിലൂടെ എത്രയെത്ര മിന്നൽപ്പിണരുകൾ പാഞ്ഞിരിക്കില്ല. അവളെ വിചാരിച്ച് ശയനീയത്തിൽ താനേ തിരിഞ്ഞും മറിഞ്ഞും അയാൾ എത്ര രാത്രികൾ കിടന്നിരിക്കില്ല! വേണമെങ്കിൽ അയാളുടെ ഇച്ഛയ്ക്കു സാഫല്യം വരുത്താമായിരുന്നു. താൻ താമസിക്കുന്നിടത്തേക്ക് അയാൾ അവളെ ക്ഷണിച്ചതാണ്. അവൾ ചെന്നില്ല. ഒന്നുകൂടെ ക്ഷണിച്ചിരുന്നെങ്കിൽ, ഒരിക്കൽക്കൂടി നിർബന്ധിച്ചിരുന്നെങ്കിൽ അവൾ ആഹ്ലാദത്തോടെ ചെല്ലുമായിരുന്നു. പക്ഷേ, അയാൾ ക്ഷണിച്ചില്ല. കത്തിനു മറുപടി അയയ്ക്കാത്തതുകൊണ്ടും അയാൾക്കു പരിഭവമുണ്ടായില്ല. എന്താണതിനു കാരണം? കാമോത്സുകത കലർന്ന സ്നേഹത്തിന്റെ സാക്ഷാത്കാരത്തിന് പ്രതിബന്ധം സൃഷ്ടിക്കുന്നതു സമുദായത്തിന്റെ വിലക്കങ്ങളല്ല, സദാചാരത്തിന്റെ നിയമാവലികളല്ല. ആ സ്നേഹത്തെക്കാൾ ഔന്നത്യമാർന്ന മറ്റൊരു വികാരമുണ്ട്. അതിനെ നമുക്ക ആധ്യാത്മിക സ്നേഹമെന്നു വിളിക്കാം. ഈ ആധ്യാത്മിക സ്നേഹത്തിന്റെ ചേതോഹരമായ ആവിഷ്കാരമാണ് എം. ടി. വാസുദേവൻ നായരുടെ ‘വാനപ്രസ്ഥം’ എന്ന നീണ്ടകഥ (മാതൃഭൂമി ആഴ്ചപ്പതിപ്പ്—ലക്കങ്ങൾ 27, 28). മലയാള ചെറുകഥയുടെ ശക്തിയും സൗന്ദര്യവും മാനസികോന്നമനശക്തിയും ഈ കലാസൃഷ്ടി എനിക്ക് അനുഭവപ്പെടുത്തിത്തന്നു. തന്റെ മുൻപിൽ നില്ക്കുന്ന യുവതിയെ സ്വന്തം വൈഷയിക കേന്ദ്രത്തിലേക്ക് സംക്രമിപ്പിക്കുക.—തന്റെ മുൻപിൽ നില്ക്കുന്ന യുവാവിനെ സ്വന്തം വൈഷയിക കേന്ദ്രത്തിലേക്ക സംക്രമിപ്പിക്കുക—ഇത് യഥാക്രമം യുവാവിനും യുവതിക്കും ആകാം. അതുതന്നെയാണ് ഇക്കഥയിലെ ചെറുപ്പക്കാരനും ചെറുപ്പക്കാരിയും ചെയ്തത്. പക്ഷേ, അവരുടെ ആ വികാരത്തെക്കാൾ വിശുദ്ധിയാർന്ന വേറൊരു വികാരം അവരെ നിയന്ത്രിച്ചു. കാലം കഴിഞ്ഞു. അവൾ വൃദ്ധയായി; അയാൾ വൃദ്ധനും. രണ്ടുപേരും കൂടെയുള്ളവരെ ഒഴിവാക്കിക്കൊണ്ടു കടജാദ്രിയിൽ എത്തുന്നു. നേരം വൈകിയതുകൊണ്ട് അവിടെയുള്ള ഒരു മുറിയിൽ അടുത്തടുത്തു കിടന്നുറങ്ങുന്നു. അയാൾ അവളുടെ കൈത്തലം ഒന്നു തലോടി. അത്രേയുള്ളൂ. അതിൽക്കവിഞ്ഞൊന്നും ഉണ്ടായില്ല. അനുഗൃഹീതനായ കഥാകാരൻ ആ രംഗം വർണ്ണിക്കുന്നതിന്റെ ചാരുത കാണുക:

> “പകലത്തെ ദേഹാധ്വാനത്തിന്റെ ക്ഷീണവും തണുപ്പുംകൊണ്ടു നേരത്തേ ഉറക്കം വരുന്നുവെന്നു തോന്നി. തളർന്ന ശരീരം. അനങ്ങാനാവാതെ നിർജ്ജീവമായി പായിൽ കിടന്നു. അതിന്റെ കൂട്ടുറന്നു വളർത്തുമുഗം പഴയ സ്വപ്നങ്ങളുടെ പൊന്തക്കാടുകളിൽ ഇരതേടി നടക്കുന്നതും വീണ്ടും കൂട്ടിൽ കയറുന്നതും അയാൾക്ക കണ്ണടച്ചു കിടക്കുമ്പോഴും വ്യക്തമായി കാണാൻ കഴിയുന്നു.”

അന്യനു ദുഃഖമുണ്ടാക്കാൻ നമുക്ക് ഒരധികാരവുമില്ല. പിന്നെ കുടിയേറിയ എന്നെങ്കിലും നിങ്ങൾ ടി. വി. സെറ്റിന്റെ മുൻപിലാണോ എപ്പോഴുമിരിക്കുന്നത് എന്നു ചോദിക്കാം.

ഇരതേടി നടന്ന ആ പഴയ കിനാവ് വൈഷയികതയാണ്. അതിനെ രണ്ടുപേരും കൂട്ടിനകത്താക്കുന്നതിലാണ് അവരുടെ വിജയമിരിക്കുന്നത്. കലയുടെ വിജയവും അവിടെത്തന്നെ. ചില കഥകളിൽ “ആദർശ”ത്തിനായിരിക്കും പ്രാധാന്യം. ആദർശമെന്നതു മലയാളത്തിൽ പ്രയോഗിക്കുന്ന അർത്ഥത്തിൽ. വേറെ ചില കഥകളിൽ യാഥാർത്ഥ്യത്തിനായിരിക്കും പ്രാമുഖ്യം. എം. ടി. വാസുദേവൻ നായർ ആദർശത്തേയും യാഥാർത്ഥ്യത്തേയും സമഞ്ജസമായി കൂട്ടിച്ചേർത്തിരിക്കുന്നു. അവിടെയാണ് അദ്ദേഹത്തിന്റെ പ്രതിഭ നമ്മൾ കാണുന്നത്. മലയാള സാഹിത്യത്തിലെ ഉത്കൃഷ്ടങ്ങളായ കഥകളുടെ; കൂട്ടത്തിലാണ് ഇക്കഥയുടെ നില.

ചോദ്യം, ഉത്തരം

ചോദ്യം: എം. കൃഷ്ണൻനായർ എന്ന വ്യക്തിയിൽനിന്ന് ഈശ്വരൻ മറ്റൊരു വ്യക്തിയെക്കൂടി നിർമ്മിക്കുന്നുവെന്നു വിചാരിക്കു. ആ പുതിയ ആൾ നിങ്ങളോടു കൂടി കൂട്ടുകൂടുമോ?

ഉത്തരം: ഈ ചോദ്യത്തിനു മൗലികതയില്ലല്ലോ ചങ്ങാതി. ഞാനിത് എവിടെയോ കണ്ടിട്ടുണ്ട്. എങ്കിലും പറയാം. കൂട്ടുകൂടിയാൽ ആ പുതിയ ആളിനു വലിയ ദോഷം ഒന്നും വരില്ല. അയാൾ പുസ്തകമെഴുതിയിട്ടുണ്ടെങ്കിൽ റെവ്യൂ ചെയ്യും എന്നു പറഞ്ഞ് അയാളെ ഞാൻ പറ്റിക്കും. അയാൾ ക്ഷണിക്കുന്ന സമ്മേളനത്തിൽ പോകാമെന്നു പറയും. പോകില്ല. ഈ ചെറിയ വഞ്ചനകളല്ലാതെ മറ്റൊന്നും എന്നിൽ നിന്നുണ്ടാവുകയില്ല. അയാൾ കത്തികൊണ്ട് എന്നെ കത്തിക്കൊല്ലാൻ ശ്രമിച്ചാൽ ഞാൻ തടയും എന്നല്ലാതെ അയാളെ അങ്ങോട്ടു കുത്തുകില്ല.

ചോദ്യം: ആരെക്കണ്ടാലും എന്താ ക്ഷീണിച്ചു പോയത്? എന്നു ചോദിക്കരുത്. അത് മര്യാദകേടാണ് എന്ന് താങ്കൾ എഴുതിയില്ലേ. സ്നേഹത്തോടുകൂടിയും അങ്ങനെ ചോദിക്കരുതോ?

ഉത്തരം: പാടില്ല. ആ ചോദ്യം കേൾക്കുമ്പോൾ അയാൾക്ക് ദുഃഖമുണ്ടാകും. അന്യനു ദുഃഖമുണ്ടാക്കാൻ നമുക്ക് ഒരധികാരവുമില്ല. പിന്നെ കുടിയേറിയ എന്നെങ്കിലും നിങ്ങൾ ടി. വി. സെറ്റിന്റെ മുൻപിലാണോ എപ്പോഴുമിരിക്കുന്നത് എന്നു ചോദിക്കാം. എപ്പോഴും ആ പെട്ടിയുടെ മുൻപിലിരിക്കുന്നവരെ കണ്ടാലറിയാം നമുക്ക്.

ചോദ്യം: രജനീഷിന്റെ സെക്സ് മിസ്റ്റിസിസത്തെക്കുറിച്ച് നിങ്ങൾ എന്തു പറയുന്നു.

ഉത്തരം: അതു രജനീഷിന്റെ സ്വന്തം മതമൊന്നുമല്ല. വർഷങ്ങളോളം പഴക്കമുണ്ട് അതിന്. ലൈംഗിക വേഴ്ച സൃഷ്ടിക്കു കാരണമാണ്. ഈശ്വരൻ സൃഷ്ടികർത്താവായതുകൊണ്ട് സൃഷ്ടിക്കു കാരണമായിഭവിക്കുന്ന ലൈംഗിക വേഴ്ചയും ഈശ്വരാംശമുള്ളതെന്നു ചിലർ വിചാരിക്കുന്നു.

ചോദ്യം: സംസ്കാരമുള്ളവനെയും അതില്ലാത്തവനെയും എങ്ങനെ തിരിച്ചറിയാം?

ഉത്തരം: എന്റെ ഉത്തരത്തിനു ഭാഗിക സ്വഭാവമാണ്. സംസ്കാരസമ്പന്നൻ ഏറ്റവും പുതിയ കലാസൃഷ്ടിയെക്കുറിച്ച് ചലച്ചിത്രത്തെക്കുറിച്ച് ചിത്രയുടെ പാട്ടിനെക്കുറിച്ച് സംസാരിക്കും. സംസ്കാരത്തോടു ബന്ധമില്ലാത്തയാൾ ഐ. ആർ. എട്ട് എന്ന നെല്ലിനെക്കുറിച്ച്. സിമന്റിന്റെ വിലക്കൂടുതലിനെക്കുറിച്ച് എപ്പോഴും സംസാരിക്കും. വർഷങ്ങൾക്കുമുൻപ് ഞാൻ തിരുവനന്തപുരത്തെ വൈ. എം. സി. എ ഹാളിലേക്കു കയറാൻ ഭാവിച്ചപ്പോൾ റോഡിന്റെ ഒരു വശത്തു നിന്ന് എന്റെ ഇംഗ്ലീഷ് പ്രൊഫസർ എവിടെപ്പോകുന്നു?” എന്നു ചോദിച്ചു. മുണ്ടശ്ശേരിയുടെ പ്രസംഗമുണ്ടു സാർ. അതു കേൾക്കാൻ പോകുന്നു എന്നു ഞാൻ മറുപടി നൽകി. ഉടനെ സാറ് ‘മുണ്ടശ്ശേരിയോ? ഓ ഓ കേട്ടിട്ടുണ്ട്. കാത്തലിക്’ എന്ന് ഉത്സാഹത്തോടെ പറഞ്ഞു. സാറിനു സംസ്കാരത്തോടു ബന്ധമില്ലെന്നു ഞാൻ എങ്ങനെ എഴുതും. അദ്ദേഹം എന്നെ ഷെക്സ്പീയറിന്റെ നാടകങ്ങൾ പഠിപ്പിച്ച ആളാണല്ലോ. സർക്കാർ ജോലിക്കാരനും എന്റെ ഒരടുത്ത ബന്ധുവുമായ ഒരാൾ എന്റെ വീട്ടിൽവന്നു. സ്നേഹംകൊണ്ട് ഞാൻ അയാൾക്ക് മാർകേസിന്റെ പുതിയ നോവൽ കൊടുത്തു. അയാൾ അതു തുറന്നുപോലും നോക്കാതെ കസേരയിൽ വച്ചു. തിരിച്ചു പോയപ്പോൾ അത് എടുത്തതുമില്ല. പോകുന്ന പോക്കിനു എന്നോടു പറഞ്ഞു. നാളെ വെമ്പായത്ത് പോകണം. കറ റബ്ബർഷീറ്റ് വില്ക്കാനുണ്ട്.

എനിക്കു പുതുമയില്ല



ഗെയ്സ്സ ചാറ്റ്

അമേരിക്കനെഴുത്തുകാരൻ ഫിലിപ്പ് റോത്ത് ജനറൽ എഡിറ്ററായി പെൻഗ്വിൻ ബുക്സ് പ്രസാധനം ചെയ്ത Writers from other Europe എന്ന ഗ്രന്ഥ പരമ്പരയിൽപ്പെട്ട ഉത്കൃഷ്ടമായ കഥാസമാഹാരമാണ് ഗെയ്സ്സ ചാറ്റിന്റെ (Géza Csáth) Opium and other stories എന്നത്. ഇതിന് അവതാരികയെഴുതിയ ഇംഗ്ലീഷ് നോവലിസ്റ്റ് Angela Carter പറയുന്നു ചാറ്റിന്റെ Little Emma എന്ന ചെറുകഥയാണ് ആ ഗ്രന്ഥത്തിലെ ഏറ്റവും നല്ല കഥയെന്നു. ഈ ഹംഗറിയൻ സാഹിത്യകാരന്റെ എല്ലാക്കഥകളും ഒരേരീതിയിൽ മനോഹരമാണ് എന്നാണ് എന്റെ പക്ഷം. എമ എന്ന സുന്ദരിയായ കൊച്ചുപെൺകുട്ടി ഒന്നാംക്ലാസ്സിൽ പഠിക്കുന്നു. അടുത്ത ക്ലാസ്സിലാണ് ഒരു മേജറുടെ മകൻ. അവൻ എമയെക്കണ്ടു സ്നേഹത്തിൽ വീണു. അവന്റെ അധ്യാപകൻ ക്രൂരനാണ്. നിസ്സാരങ്ങളായ തെറ്റുകൾക്കുപോലും അയാൾ കുട്ടികളെ ഭയജനകമായ വിധത്തിൽ മർദ്ദിക്കും. ഈ മർദ്ദനങ്ങൾ കണ്ടും മേജർ വർണ്ണിച്ച ഒരു തൂക്കിക്കൊലയെ അന്തർനേത്രങ്ങൾകൊണ്ടു കണ്ടും അവൻ ക്രൂരതയിലേക്കു തിരിയുന്നു. സ്കൂൾ സമുദായത്തിന്റെ സൂക്ഷ്മാകാരമാർന്ന സ്ഥലമാണല്ലോ. അവിടുത്തെ അക്രമങ്ങളും മർദ്ദനങ്ങളും കണ്ടു കുട്ടികൾ നൃശംസതയാർജ്ജിക്കുന്നു. അവർ സ്വന്തമായ ഒരു കൊലക്കളമുണ്ടാക്കി. ആദ്യം അവിടെയൊരു പട്ടിയെ തൂക്കിക്കൊന്നു. രണ്ടാമത് അതിലേപോയ എമയെത്തന്നെ കയർത്തുമ്പിൽ കയറ്റി. വധസ്ഥലത്ത് ബലാൽക്കാരമായി എടുത്തുവയ്ക്കപ്പെട്ട എമ പ്രതിഷേധിച്ചു: No I won’t let you! little Emmma screamed and started crying.

മോഡേൺ കവിതയോ കഥയോ വായിച്ചിട്ട് അർത്ഥം മനസ്സിലായില്ലെങ്കിൽ എന്നോടു ചോദിക്കരുത്. കവിയോടും ചോദിക്കരുത്. അതു പ്രസിദ്ധപ്പെടുത്തിയ പത്രാധിപരോടു ചോദിക്കുകയേ അരുത്. അവർക്കാർക്കും അർത്ഥം പറയാനാവില്ല. മോഡേൺ ക്രിട്ടിക്കിനോടു വേണം ചോദിക്കാൻ. അയാൾ എന്തും പറഞ്ഞു തരും.

മേജറുടെ മകൾ ഇർമ (അവൾക്ക് എമയോടു വിരോധമുണ്ട്) എമയെ ഉടകളിൽ പിടിച്ച് പൊക്കിക്കൊടുത്തു. കയറുവീണു. ഉയർത്താൻ ശ്രമിച്ചപ്പോൾ മേജറുടെ മകൻ സഹായത്തിന് എത്തി. എമയെ കൈകൊണ്ടു പിടിക്കാൻ അങ്ങനെ അവനു സന്ദർഭം കിട്ടി. പെൺകുട്ടിയുടെ വെള്ള കാലുറയിട്ട കാലുകൾ ചലനംകൊണ്ടു. അല്പസമയത്തിനുള്ളിൽ അവൾ നിശ്ചേതനയായി. സമുദായത്തിന്റെ ‘നിയതമായ അക്രമം’ (Normal Violence) എന്ന് അവതാരികയിൽ. കുട്ടികളെ അക്രമാസക്തരാക്കുന്നതിനെ തന്റേതായ രീതിയിൽ ചിത്രീകരിക്കുകയാണ് ഗെയ്സ്സ് ചാറ്റ്. (ഹംഗറിയൻ ഭാഷയിലെ th—ഉച്ചാരണം t എന്നാണ്).



അംബികാസുതൻ മാങ്ങാട്ട്

സാദൃശ്യമുണ്ടെന്ന അർത്ഥത്തിൽ പറയുകയല്ല. അംബികാസുതൻ മാങ്ങാട്ട് ദേശാഭിമാനി വാരികയിൽ എഴുതിയ ‘സീതായനം’ എന്ന ചെറുകഥയിലും സമുദായത്തിന്റെ ക്രൂരത കണ്ടു കണ്ട് കുട്ടികൾ ക്രൂരതയിലേക്കു ചെല്ലുന്നതിന്റെ ചിത്രീകരണമാണുള്ളത്. സഹോദരൻ സ്നേഹിക്കുന്ന എമയോട് ഇർമയ്ക്കു അസൂയയുള്ളതുപോലെ ഇക്കഥയിലും അസൂയയുടെ വിളയാട്ടമുണ്ട്. ഒരാൺകുട്ടിയുടെ ചവിട്ടേറ്റ് കൊച്ചുപെൺകുട്ടി മരിക്കുന്നു ഇക്കഥയിൽ. വലിയ ആളുകളുടെ പ്രവർത്തനങ്ങൾ കണ്ടാണ കുട്ടികൾ ‘കണ്ടിഷൻ’ ചെയ്യപ്പെടുക. ഇടിവെട്ടുമ്പോൾ അച്ഛൻ പേടിച്ചാൽ കണ്ണും പേടിക്കും. അയാൾ ധീരനായി നിന്നാൽ കുഞ്ഞിനു പേടിയുണ്ടാവുകയില്ല. പ്രായപൂർത്തിയായ ആളുകളുടെ അക്രമങ്ങൾ കണ്ടാണ് കുട്ടികളും അക്രമാസക്തരാവുന്നത്. ഗെയ്സ്സ് ചാറ്റിന്റെ കഥ വായിച്ച എനിക്ക് അംബികാസുതന്റെ കഥ ഒരു ചലനവും സൃഷ്ടിച്ചില്ല. അതു വായിച്ചിട്ടില്ലാത്തവർക്ക് ‘ഹായ്, ഇതൊരു പുതുമയുള്ള കഥയാണല്ലോ എന്ന തോന്നും.

നിർദ്ദേശങ്ങൾ

1. ഈ ലോകത്ത് ഏറ്റവും ‘ബോറിങ്’ ആയത് സ്വന്തം സ്വപ്നങ്ങൾ മറ്റുളകളെ പറഞ്ഞുകേൾപ്പിക്കുക എന്നതാണ്. അതുകൊണ്ട് സ്വപ്നം കണ്ടാൽ അത് മനസ്സിൽ വച്ചുകൊണ്ടാൽമതി. വേറെ ആരോടും പറയരുത്.
2. മോഡേൺ കവിതയോ കഥയോ വായിച്ചിട്ട് അർത്ഥം മനസ്സിലായില്ലെങ്കിൽ എന്നോടു ചോദിക്കരുത്. കവിയോടും ചോദിക്കരുത്. അതു പ്രസിദ്ധപ്പെടുത്തിയ പത്രാധിപരോടു ചോദിക്കുകയേ അരുത്. അവർക്കാർക്കും അർത്ഥം പറയാനാവില്ല. മോഡേൺ ക്രിട്ടിക്കിനോടു വേണം ചോദിക്കാൻ. അയാൾ എന്തും പറഞ്ഞു തരും.
3. നമുക്കു ഉപകാരം ചെയ്യാൻ കഴിയാത്തവരായി ഈ ലോകത്തു പലരുമുണ്ട്. ഉപകാരം ചെയ്യുന്നവരോടു മര്യാദയോടും സ്നേഹത്തോടും കൂടി പെരുമാറിയിട്ട് ഉപകാരം ചെയ്യാൻ കഴിവില്ലാത്തവരെ നിന്ദിക്കുകയും പരിഹസിക്കുകയും ചെയ്യുന്നതു പാപമാണ്. ആ പാപം ചെയ്യുന്നവർ അധമന്മാരാവുമല്ലോ.
4. ഫാന്റസി (മനോരഥ സൃഷ്ടി), അലിഗറി ലാക്ഷണികരചന ഇവ എനിക്കിഷ്ടമല്ല. ഞാൻ താമസിക്കുന്നിടത്തുനിന്ന് ബസ്സ്റ്റാൻഡിലേക്ക പോകണമെങ്കിൽ എനിക്കു നടക്കാം, ഓടാം, പൊയ്ക്കാലിൽ കയറിപ്പോകാം. പന്ത്രണ്ടടിപ്പൊക്കത്തിൽ പൊയ്ക്കാലിലുള്ള നടത്തം കണ്ടു പ്രേക്ഷകർ ചിരിച്ചെന്നു വരും. ഫാന്റസിയും അലിഗറിയും പൊയ്ക്കാലിലെ നടത്തമാണ്. എഴുത്തുകാർ നടന്നാൽ മതി. അതാണു സ്വാഭാവികം.

വിശ്വസാഹിത്യത്തിൽനിന്ന്

മ്യൂറിയൽ സ്പാർക്ക്

മ്യൂറിയൽ സ്പാർക്കിന്റെ (Muriel Spark) നോവലുകൾ വായിച്ചിട്ടുണ്ടോ? The Comforters എന്ന നോവൽ പോസ്റ്റ് മോഡേണിസത്തിന്റെ തുടക്കം കുറിച്ചു എന്നാണ് കരുതപ്പെടുക. അതിലെ കഥാപാത്രമായ കരലിൻ (Caroline) നോവലിനെക്കുറിച്ച് പുസ്തകമെഴുതുന്നു. അവൾക്കു ചില മതിവിഭ്രമങ്ങൾ. ടൈപ്പ് റൈറ്ററിന്റെ ശബ്ദം കരലിൻ കേൾക്കുന്നു. ആ ശബ്ദം നമ്മൾ വായിക്കുന്ന നോവലിലെ വാക്കുകളിൽ നിന്നുളവാകുന്നതാണ്. കരലിന് അല്ലാതെ മറ്റാർക്കും അവ കേൾക്കാനും വയ്യ. ടേപ്പ് റെക്കോർഡിൽ അവയെടുക്കാൻ ശ്രമിച്ചിട്ടു സാധിക്കുന്നില്ല.



“Through the darkness, from beside the fireplace, Caroline heard a sound. Tap The typewriter. She sat up as the voices followed.(ടൈപ്പ് റൈറ്ററിൽ നിന്നുള്ള ശബ്ദങ്ങൾ) Caroline yelled. Willi! Oh, my God, the voices… Willi!” (PP. 51, 52. Penguin Books). നോവലിസ്റ്റ് നോവലെഴുതി സൃഷ്ടികർമ്മം നടത്തുന്നു. ഈശ്വരൻ ടൈപ്പ് റൈറ്ററിലൂടെ നോവലിലെ വാക്കുകൾ കേൾപ്പിക്കുന്നു. ഈശ്വരന്റെ സൃഷ്ടികർമ്മവും നോവലിസ്റ്റിന്റെ സൃഷ്ടി കർമ്മവും വിഭിന്നങ്ങളല്ല. (ഈ വ്യാഖ്യാനത്തിനു ഒരു നിരൂപകനോടു കടപ്പാടുണ്ടെനിക്ക്) യഥാതഥങ്ങളായ നോവലുകൾ സത്യാത്മകതയിലേക്ക് അനുവാചകരെ നയിക്കുകയില്ല എന്ന പോസ്റ്റ്മോഡേണിസത്തിന്റെ തത്ത്വം നമ്മെ ഗ്രഹിപ്പിക്കുകയാണ് മ്യൂറിയൽ സ്പാർക്ക്.

തണുപ്പ്

വിശ്വസാഹിത്യത്തിന്റെ മനോജ്ഞങ്ങളായ മണ്ഡലങ്ങളിലേക്കു വായനക്കാരെ കൊണ്ടുചെല്ലുക എന്നതാണ് ഈ ലേഖനങ്ങളുടെ പ്രധാനമായ ലക്ഷ്യം. അതു മനസ്സിലാക്കിയാൽ സായ്പിന്റെയും മദാമ്മയുടെയും കലാസൃഷ്ടികളെക്കുറിച്ച് എപ്പോഴും പറയുന്നു എന്ന പരാതിക്ക് സ്ഥാനമുണ്ടായിരിക്കില്ല. മലയാളത്തിലെ സാഹിത്യത്തിലെ എഴുത്തുകാരെക്കുറിച്ച് അങ്ങനെയൊന്നും പറയാനില്ലതാനും. നവീനതരമോ നവീനതമമോ ആയ മലയാള കഥാസാഹിത്യത്തിൽ എം. ടി. വാസുദേവൻ നായർ എന്നൊരു സാഹിത്യകാരനെക്കുറിച്ച് മാത്രമേ എനിക്കു എഴുതാനുള്ളൂ. പിന്നെ ഒ. വി. വിജയനും ആനന്ദും കാണുമായിരിക്കും. അവരിൽ ആനന്ദിന്റെ ഭാവനമസ്തിഷ്കപരമായതുകൊണ്ട് അദ്ദേഹത്തിന്റെ കഴിവുകളെ ആദരിച്ചുകൊണ്ടുതന്നെ ഞാൻ മൗനം അവലംബിക്കുന്നു.



എറിക്ക ജോങ്

ലൈംഗികതയുടെ സവിശേഷത Fear of Flying എന്ന നോവലെഴുതിയ എറിക്ക ജൊങ്ങിനെ സംബന്ധിച്ചിടത്തോളം Zipless… (കത്തിട്ടു സ്ഥലത്ത് ഇംഗ്ലീഷിലെ നാലക്ഷരങ്ങളുള്ള വാക്കു) ആണ്. ഒരു തടസ്സവും കൂടാതെ പരസ്പരം ആരെന്നറിയാതെയുള്ള വേഴ്ചയാണ് അഭികാമ്യമെന്നു ജൊങ് വിശ്വസിക്കുന്നു. അവർ എഴുതുന്നു:

For the true, ultimate zipless A-1… (നാലക്ഷരം) it was necessary that you never get to know the man very well. (പുരുഷനോടു സൗഹൃദം സ്ഥാപിച്ചുപ്പിന്നെ അയാളോട്ടുള്ള വികാരം കെട്ടടങ്ങിപ്പോകുമെന്ന് എഴുതിയിട്ട് അവർ തുടരുന്നു) And it was passion that I wanted… So another condition for Zipless… (നാലക്ഷരം) was brevity. And anonymity made it even better (ജൊങ്ങിന്റെ Fear of Flying എന്ന നോവലിലുള്ള ഈ ഭാഗം അതിൽ നിന്നല്ല ഞാനുദ്ധരിക്കുന്നത്. The Picador book of Erotic Prose Mounts Venus എന്ന പുസ്തകത്തിൽ നിന്നാണ്. Fear of Flying ഞാൻ രണ്ടു പരിവ്വത്തി വായിച്ചിട്ടുണ്ട്. ഇപ്പോൾ പുസ്തകം കൈയിലില്ല)

മദാമ്മയുടെ രതിസങ്കല്പമല്ല ഭാരതീയന്. മനസ്സാക്ഷിക്കും സാമൂഹികങ്ങളായ വിലക്കങ്ങളും ഇവിടെ വളരെ കൂടുതലാണ്. അതുകൊണ്ടു കന്യകയും വിവാഹിതയും അദമ്യമായ അഭിലാഷത്തെ ദമനം ചെയ്തുകൊണ്ട് പുരുഷനുമായുള്ള വേഴ്ച ഒഴിവാക്കുന്നു. എങ്കിലും ലൈംഗിക വികാരത്തെക്കാൾ അധീശത്വമുള്ള വേറൊരു വികാരമില്ലല്ലോ. അതിന് അടിമപ്പെട്ട് ക്രമേണ ഒരു വിവാഹിത പരപുരുഷനോടു യോജിക്കുന്നതിന്റെ ചിത്രം എസ്. എ. ഷുജാദിന്റെ “തണുപ്പ്” എന്ന ചെറുകഥയിലുണ്ട്. (കലാകൗമുദി) അവളുടെ ക്രമാനുഗതമായ വീഴ്ച കഥാകാരൻ—ഭേദപ്പെട്ട രീതിയിൽ ആവിഷ്കരിക്കുന്നു. കത്തിക്കുട്ടിയുള്ള സിംബലിസം ഒഴിവാക്കിയിരുന്നെങ്കിൽ എന്നും ഞാൻ ആശിച്ചു പോയി.

മാനസിക ച്യുതി

കുട്ടികൃഷ്ണമാരാർ തന്റെ ‘ദന്തഗോപുരം’ എന്ന ഗ്രന്ഥത്തിൽ ആമുഖമായി എടുത്തുചേർത്ത കാക്കശ്ശേരി ഭട്ടതിരിയുടെ ഒരു ശ്ലോകത്തെയും അതിനു താഴെ അദ്ദേഹം എഴുതിച്ചേർത്ത ചില വാക്യങ്ങളെയും ഉദ്ധരിച്ചുകൊണ്ട് മുരളീധരൻ എന്റെ ഒരഭിപ്രായത്തിന് മറുപടി പറയുന്നു. സംസ്കാര ഭദ്രമായ മറുപടിയാണത്. ഭട്ടതിരിയുടെ ശ്ലോകം പൂർണ്ണമായും മുരളീധരൻ എടുത്തെഴുതിയിട്ടില്ലെങ്കിലും ഭാഗ്യംകൊണ്ട് എനിക്കതു ഓർമ്മയുണ്ട്. അത് ഇതാ:

കർവേ ഗർവോദ്ധതസ്യ പ്രതിവദിതുരഹം
ഭാരതീമപ്യ സാദ്ധീം
സാദ്ധീം, സാദ്ധീമസാദ്ധീം ബുധവരസമിതൗ
ലക്ഷണേന ക്ഷണേന ക്ഷണേന
മാനാഭാസം പ്രമാണം പ്രമിതിഗതിവശാ
ദ പ്രമാണം പ്രമാണം
സച്ചാസച്ചാ സദസ്യന്നിശ മയത ബുധാ
മച്ചരിത്രം വിചിത്രം

(ഗർവുള്ള എതിർവാദിയുടെ വാക്ക് ശരിയായതിനെ ശരിയല്ലാതാക്കിയും ശരിയല്ലാത്തതിനെ ശരിയാക്കിയും പ്രമാണത്തെ അപ്രമാണമാക്കിയും ഉള്ളതിനെ ഇല്ലാതാക്കിയും ഇല്ലാത്തതിനെ ഉള്ളതാക്കിയും ഈ വിദ്വാന്മാരുടെ സദസ്സിൽ വച്ച് ലക്ഷണത്തോടുകൂടി ഖണ്ഡിക്കാം. വിദ്വാന്മാരേ, എന്റെ വിചിത്രമായ ചരിത്രം നിങ്ങൾ കേൾക്കുക.)

ഉദ്ദണ്ഡ ശാസ്ത്രികളോടു വാദിക്കാൻ പോകുന്നതിനു മുൻപ് കാക്കശ്ശേരി ഭട്ടതിരി പറഞ്ഞതാണിത് എന്നാണ് ഞാൻ കേട്ടിട്ടുള്ളത്. കുട്ടികൃഷ്ണമാരാർ ‘മഹാഭാരത’ത്തിലും ‘രാമായണ’ത്തിലും ധർമ്മം എവിടെയെല്ലാമുണ്ടോ അതൊക്കെ അധർമ്മമായി കാണുകയും അധർമ്മം എവിടെയെല്ലാമുണ്ടോ അതൊക്കെ ധർമ്മമായി കാണുകയും ചെയ്തു എന്ന ഞാൻ പറഞ്ഞതിന് സമാധാനമായി മുരളീധരൻ എടുത്തെഴുതിയ ശ്ലോകമത്രേ ഇത്. ഈ ശ്ലോകമെടുത്തെഴുതുകയും അതിനു മുൻപ് ചില യുക്തികൾ ‘അവതരിപ്പിക്കുക’യും ചെയ്ത അദ്ദേഹം എന്നതിൽക്കവിഞ്ഞ് മര്യാദയെ ലംഘിക്കുന്ന ഒരു വാക്കുപോലും മുരളീധരന്റെ ലേഖനത്തിൽ ഇല്ല. കുട്ടികൃഷ്ണമാരാരുടെ സംസ്കാരവിശേഷം മുരളീധരനുമുണ്ട്.

‘ഭാരതപര്യടന’ത്തെക്കുറിച്ച് എഴുതാൻ ഇവിടെ സ്ഥലമില്ല. രാമായണത്തെക്കുറിച്ച് മഹാനായ കുട്ടികൃഷ്ണമാരാർ പറഞ്ഞതെല്ലാം അക്കമിട്ട് എഴുതിക്കാണിക്കട്ടെ.

1. തന്റെ വനവാസത്തിനു കാരണഭൂതയായ കൈകേയിയുടെ നേർക്കു പകയോടും താൻ ജീവനോടുകൂടിയിരുന്നു അവളെ സുഖിക്കാൻ വിടുകയില്ലെന്നു പ്രതികാരേച്ഛയോടും കൂടിയാണ് രാമൻ സത്യസന്ധതയുടേയും പിതൃഭക്തിയുടേയും പേരിൽ വനവാസമനുഷ്ഠിച്ചു പോന്നത്.
2. അച്ഛന്റെ നേർക്കും അനുകൂലമായ മനോഭാവമല്ല ശ്രീരാമന്.
3. രാമചരിതത്തിന്റെ രഹസ്യം സീതാപരിത്യാഗമുൾപ്പെടെ, രാജ്യലോഭം പ്രഭവേച്ഛ—എന്നതിൽ അടങ്ങിയിരിക്കുന്നു.
4. ആർഷമായ ത്യാഗമല്ല രാമന്. സാധാരണമായ പരിഭവം തന്നെയാണ്.
5. രാമൻ ശൂർപ്പണഖയോടു പറഞ്ഞ വാക്കുകൾ അസത്യമെന്നതിലധികം അപമര്യാദയുമാണ്.
6. രാമനു സീതയുടെ നേർക്കു സ്നേഹത്തെക്കാളേറെ കാമമാണുണ്ടായിരുന്നത്.
7. രാജ്യത്യാഗത്തിന്റെ മുഖ്യ ലക്ഷ്യം അച്ഛന്റെ സത്യം രക്ഷിക്കലല്ല. രാജ്യലക്ഷ്മിയെ പരിലാളിച്ചു തന്റെ പ്രഭാവം ആസ്വദിക്കുന്നതിൽ സീത കരടായിക്കിടക്കുന്നു എന്നു വന്നപ്പോൾ അദ്ദേഹം അവളെ എടുത്തു ദൂരേ വലിച്ചെറിഞ്ഞു.

ഈ അഭിപ്രായങ്ങൾക്ക് ഉപോദ്ബലകങ്ങളായ ശ്ലോകങ്ങൾ കുട്ടികൃഷ്ണമാരാർ എടുത്തുനിരത്തുന്നുണ്ട്. അവ വായിക്കുന്നവർക്കു ശ്രീരാമൻ മറ്റൊരു സദ്ദാം ഹുസൈനായിരുന്നുവെന്നു തോന്നുകയും ചെയ്യും. അന്നു രാമൻ കവൈറ്റ് ആക്രമിക്കാത്തതു കവൈറ്റ് ഇല്ലായിരുന്നതിനാൽത്തന്നെ. സദ്ദാം രണ്ടാമതൊരു ഭാര്യയെക്കൂടി സ്വീകരിക്കാൻ പോയപ്പോൾ അദ്ദേഹത്തിന്റെ സ്യാലനായ ഖൈരള്ള എതിർത്തു. പ്രതിരോധമന്ത്രിയായിരുന്ന അദ്ദേഹം ഉടനെ ഹെലികോപ്റ്റർ തകർന്നു മരിച്ചു. ശ്രീരാമന് ബ്രദർ ഇൻ ലാ ഇല്ലായിരുന്നു എന്നതുകൊണ്ട് ഹെലികോപ്റ്റർ ക്രാഷ് ഉണ്ടായില്ല. ഇങ്ങനെയൊക്കെ വായനക്കാർ വിചാരിച്ചാൽ ഒരു തെറ്റുമില്ല.

കുട്ടികൃഷ്ണമാരാർ ശ്രീരാമനെ നീചനാക്കി പ്രദർശിപ്പിക്കുന്നതിനുവേണ്ടി ഉദ്ധരിച്ച ശ്ലോകങ്ങൾക്കു ബദലായി നൂറ്റുനൂറു ശ്ലോകങ്ങൾ എടുത്തുകാണിച്ച് ശ്രീരാമൻ ഉത്കൃഷ്ട പുരുഷനായിരുന്നു എന്ന് എനിക്കു വാദിക്കാൻ പ്രയാസമില്ല. പക്ഷേ, ഞാൻ അങ്ങനെ ചെയ്താൽ കുട്ടികൃഷ്ണമാരാരെപ്പോലെതന്നെ പ്രവർത്തിക്കുകയാവും. അതുകൊണ്ട് അതിന് ഒരുമ്പെടുന്നില്ല.

സത്യം ഇതു രണ്ടുമല്ല. മഹാകവികൾ തങ്ങളുടെ കഥാപാത്രങ്ങളെ ചിത്രീകരിക്കുമ്പോൾ അവരുടെ മാനഷികാംശങ്ങളെ അടിച്ചമർത്തിവയ്ക്കാറില്ല. ഇംഗ്ലീഷിൽ Human appeal എന്നു പറയുന്ന ഗുണമുണ്ടാകണമെങ്കിൽ അവയുടെ ആവിഷ്കാരവും കൂടിയേതീരൂ. അതുകൊണ്ടാണ് ധർമ്മപുത്രരെക്കൊണ്ട് ഒരു കള്ളം വ്യാസൻ പറയിക്കുന്നത്. ആ കള്ളം പറഞ്ഞതോടെ ധർമ്മപുത്രരുടെ തേര് ഭൂമിയിൽ തൊട്ട് ഉരുളാൻ തുടങ്ങി. അതുവരെ അത് ഭൂമിയിൽനിന്ന് അല്പം ഉയർന്നാണ് ചലിച്ചിരുന്നത്. ഈ അസത്യപ്രസ്താവമാണ് ആ കഥാപാത്രത്തിന് ജീവൻ നല്കുന്നത്. ഇല്ലെങ്കിൽ ആ കഥാപാത്രം ദാരുമയമായിബ്ഭവിച്ചേനേ. ദുര്യോധനൻ, രാവണൻ ഈ കഥാപാത്രങ്ങൾക്കു നല്ല ഗുണങ്ങൾ നല്കിയതും ഇതിനാണ്. പിന്നെ നന്മയും തിന്മയുമുള്ള കഥാപാത്രങ്ങളിൽ തിന്മ കൂടിയവയെ ദുഷ്ടകഥാപാത്രങ്ങളെന്നും വിളിക്കുന്നു. ആ രീതിയിൽ രാമൻ നല്ലവൻ; രാവണൻ ദുഷ്ടൻ. കുട്ടികൃഷ്ണമാരാർ ഈ സത്യം കണ്ടില്ല.

രാമായണവും ഭാരതവും വായിച്ചുതീരുമ്പോൾ രാമൻ ശപ്പനാണെന്നും ധർമ്മപുത്രർ ഏഭ്യനാണെന്നും ആരും പറയുകയില്ല. അവർ ഔജ്ജ്വല്യമാർന്നു നിൽക്കുന്നു. ഭാരതീയരുടെ ആധ്യാത്മികതയെ ഉയർത്തിയ കഥാപാത്രങ്ങളാണ് അവർ. പ്രകൃതിയെന്ത്? ഈശ്വരനാര്? മനുഷ്യനാര്? എന്ന് അവർ വ്യക്തമാക്കിത്തരുന്നു. രാഷ്ട്രനിർമ്മാതാക്കളാണ് അവർ. മുരളീധരൻ സുജനമര്യാദയുല്ലോപം വരുത്താതെ പ്രബന്ധം രചിച്ചതും ശ്രീരാമന്റെയും ധർമ്മപുത്രരുടെയും അംശങ്ങൾ അദ്ദേഹത്തിന്റെ രക്തത്തിലുള്ളതുകൊണ്ടാണ്. അങ്ങനെ ഭാരതത്തിന്റെ (ഇന്ത്യയുടെ) നിർമ്മാതാക്കളായ കഥാപാത്രങ്ങളെ ഇമ്മട്ടിൽ കുട്ടികൃഷ്ണമാരാർ അവതരിപ്പിച്ചതു ചെറിയ തെറ്റല്ല, വലിയ തെറ്റാണ്. മതത്തിന്റെയും, ജീവിതത്തിന്റെയും ആധ്യാത്മികതയുടെയും ശാശ്വത പ്രതീകമായ, ശ്രീരാമൻ രാജ്യലോഭോ? അദ്ദേഹത്തിനു കാമാസക്തിയോ? ‘പെർവേർഷൻ’ എന്നെല്ലാം ആളുകളെക്കൊണ്ടു പറയിക്കില്ല! (മുരളീധരന്റെ ലേഖനം കങ്കമം വാരികയിൽ)



കീർക്കഗോർ

കീർക്കഗോറിന്റെ ഏതോ പുസ്തകത്തിൽ വായിച്ചതാണ്. നമ്മളോട് ഒരുത്തൻ സംസാരിച്ചു കഴിഞ്ഞിട്ടു പുറംതിരിഞ്ഞു നടക്കുന്നു. അയാൾ പോകുന്നുവെന്നു നമ്മൾ കാണേണ്ടതില്ലേ. മനസ്സിലാക്കുമല്ലോ. എന്നാൽ നമ്മുടെ മുഖത്തുനോക്കിക്കൊണ്ടു തന്നെ അയാൾ, പിറകോട്ടു കാലുകൾ വച്ചുവച്ചു പോയാലോ? ഞാനിതാ ഇവിടെത്തന്നെയുണ്ട് എന്ന പറയുന്ന മട്ടാണ് അയാൾക്ക്. അതേസമയം അകന്നകന്നുപോകുകയും ചെയ്യുന്നു. നിരൂപകർ ഒന്നുകിൽ പ്രതിഷേധ സൂചകമായി ഗ്രന്ഥത്തിൽനിന്നു പുറംതിരിഞ്ഞു നടന്നുപോകണം. അല്ലെങ്കിൽ ഗ്രന്ഥത്തിൽ നോക്കിക്കൊണ്ടു നില്ലണം. രണ്ടും ചെയ്യാതെ അതിൽനിന്നു മുഖമെടുക്കാതെ പിറകോട്ടു കാലുകൾ വച്ച് അകലുന്നതു ശരിയല്ല.

നിർവ്വചനങ്ങൾ

ടയൽ: കിഴക്കേക്കോട്ടയ്ക്ക ബസ്സ് കാത്തുനില്ക്കുമ്പോൾ നമ്മുടെ അടുത്തുകൂടെ പോകുന്ന പല ബസ്സുകളിലും കാണുന്ന ബോർഡ്. ബുക്ക് സ്റ്റാളിൽ ചെന്നാൽ കാഫ്കയുടേതായി കാണപ്പെടുന്ന ഒരു പെൻഗ്വിൻ പുസ്തകം.

ഫോട്ടോഗ്രാഫി: വൈരൂപ്യമുള്ള പുരുഷനു താനൊരു മമ്മൂട്ടിയാണെന്നു തീരുമാനിക്കാൻ സഹായിക്കുന്ന കല. ഫോട്ടോഗ്രാഫറുടെ ‘ടച്ചിങ്’ വിജയം പ്രാപിക്കട്ടെ എപ്പോഴും.

കോപ്പിയെഴുത്ത്: എല്ലാ ഡോക്ടർമാരെയും കൊണ്ടു ചെയ്യിക്കേണ്ട പ്രവൃത്തി.

അടുക്കള: ചിലർക്കു ഭാര്യമാരെ അവരറിയാതെ പിറകുവശത്തു ചെന്ന് ആലിംഗനം ചെയ്യാനുള്ള സ്ഥലം. മറ്റു ചിലർക്കു പരിചാരികമാരെയും.

വൈലോപ്പിള്ളി: നാസ്തികനോ ആസ്തികനോ? മഹാകവിയോ അതോ മഹത്ത്വമില്ലാത്ത കവിയോ? ഉത്തരം പറയാൻ വയ്യ. കാലം മാത്രമേ സത്യം സ്പഷ്ടമാക്കൂ.

സാഹിത്യകാരന്മാർ: ഉപജാപകസംഘം. എന്തുകൊണ്ടും ‘രാഷ്ട്രീയക്കാരെ’ക്കാൾ മോശപ്പെട്ടവർ…

പ്രസ്ഥം: മലയാളഭാഷയിൽ ഏറ്റവുമധികം ഉപയോഗിക്കപ്പെടുന്ന വാക്ക്.

ഫൂക്കോ: വലിയ ചിന്തകൻ. പക്ഷേ, മരിച്ചതു എയ്ഡ്സ് പിടിച്ച്.

മോപസാങ്: അദ്ദേഹത്തെ അതിശയിച്ച ഒരു കഥാകാരൻ ഇല്ല. പക്ഷേ, മരിച്ചതു സിഫിലിസ് പിടിച്ച്.

ചങ്ങമ്പുഴ: മലയാളത്തിലെ ഏറ്റവും വലിയ ലിറിക് കവി. മരണത്തെക്കുറിച്ച് എഴുതാൻ വയ്യ.

വക്കം അബ്ദുൾ ഖാദർ: എന്റെ സ്നേഹിതൻ എ. ബാലകൃഷ്ണപിള്ളയെപ്പോലെ വിശ്വസാഹിത്യത്തിലേക്കു കേരളീയരെ നയിച്ച സാഹിത്യകാരൻ.

ശിവപ്രസാദ് സി. വേലുക്കുട്ടി: കമാരനാശാൻ സങ്കല്പിച്ച വാസവദത്ത. പുരുഷന്റെ പ്രവൃത്തികൾ. പക്ഷേ, സ്റ്റേജിൽ സുന്ദരിയായ തരുണി. ഷീലയെക്കാൾ ജയഭാരതിയെക്കാൾ സുന്ദരി (അതോ സുന്ദരൻ എന്നു പറയണോ)

ഇംഗ്ലീഷ്



ഇംഗ്ലീഷ് ഭാഷയെ ഗളഹസ്തം ചെയ്യാൻ ഭാരതത്തിലെ ചില സ്റ്റേറ്റുകൾ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ Megatrends 2000 എന്ന പുസ്തകത്തിൽ നിന്ന് എനിക്ക് ആ ഭാഷയെക്കുറിച്ച് കിട്ടിയ വിവരങ്ങൾ സംഗ്രഹിച്ച് എഴുതുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു.

ഇംഗ്ലീഷ് അതിവേഗം വിശ്വഭാഷയായിക്കൊണ്ടിരിക്കുന്നു. പന്ത്രണ്ടു രാജ്യങ്ങളിലെ നാന്നൂറുമില്യൻ ആളുകളുടെ ഭാഷയാണത് (ഒരു മില്യൻ=പത്തുലക്ഷം) ലോകത്താകെ ഒരു ബില്യൻ ആളുകൾ അതു സംസാരിക്കുന്നു. (ഒരു ബില്യൻ=അമേരിക്കയിൽ ആയിരം ദശലക്ഷം) എ. ഡി. 2000 ആകുമ്പോൾ അത് 1.5 ബില്യനാകും. സോവിയറ്റ് യൂണിയൻ, നോർവെ, സ്വീഡൻ, ഡെൻമാർക്ക് ഈ രാജ്യങ്ങളിൽ ഇംഗ്ലീഷ്, സ്കൂളുകളിൽ നിർബന്ധ വിഷയമാണ്. ടോക്കിയോയിൽ 1300 ഇംഗ്ലീഷ് സ്കൂളുകൾ ഉണ്ട്.

സാഹിത്യകാരന്മാർ: ഉപജാപകസംഘം. എന്തുകൊണ്ടും ‘രാഷ്ട്രീയക്കാരെ’ക്കാൾ മോശപ്പെട്ടവർ…

രാഷ്ട്രാന്തരീയ air waves-ൽ ഭാഷ ഇംഗ്ലീഷാണ് വലിയ പ്രക്ഷേപണകേന്ദ്രങ്ങൾ—CBS, NBC, ABC, BBC, CBC ഇവ മുന്നൂറു മില്യൻ ആളുകളെ ഇംഗ്ലീഷ് ഭാഷയിലൂടെ ഉദ്ബോധിപ്പിക്കുന്നു. കമ്പ്യൂട്ടറുകൾ പോലും അന്യോന്യം സംസാരിക്കുന്നത് ഈ ഭാഷയിലത്രേ. നൂറുമില്യൻ കമ്പ്യൂട്ടറുകളിൽ—80 ശതമാനം അറിവും ഇംഗ്ലീഷിലാണ് ഒതുക്കി വച്ചിരിക്കുന്നത്. രാഷ്ട്രാന്തരീയ ടെലിഫോൺ സംഭാഷണങ്ങൾ നടക്കുന്നത് ഇംഗ്ലീഷിൽ. ലോകത്തെ ശാസ്ത്രവിജ്ഞാനത്തിന്റെ 80 ശതമാനവും ഇംഗ്ലീഷിലൂടെ പകർന്നുകൊടുക്കുന്നു. രാഷ്ട്രാന്തരീയ ബിസ്നെസ്സ് ഭാഷ ഇംഗ്ലീഷ് തന്നെ. ഡിപ്ലോമസിയുടെ ഭാഷ ഇതാണ്. UNESCO, NATO, UN. ഇവയുടെ ഔദ്യോഗിക ഭാഷ ഇംഗ്ലീഷ്. ഭാരതത്തിൽ ഇരുന്നൂറു ഭാഷകൾ നിലവിലുണ്ട്. പക്ഷേ, ഔദ്യോഗിക ഭാഷയായ ഹിന്ദി മുപ്പതു ശതമാനം ആളുകളേ ഉപയോഗിക്കുന്നുള്ളൂ. ഇന്ദിരാ ഗാന്ധിയുടെ മരണത്തിനുശേഷം രാജീവ് ഗാന്ധി ഭാരതജനതയോടു സംസാരിച്ചതു ഇംഗ്ലീഷിലാണ്. ഉഗാണ്ട, കെനിയ, ടൻസാനിയ ഈ ആഫ്രിക്കൻ സർവകലാശാലകളിൽ ഇംഗ്ലീഷാണ് ഭാഷ. ഇംഗ്ലീഷ് നമ്മൾ വേണ്ടെന്നു വയ്ക്കണോ?

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.